# പതിനാലാം കേരള നിയമസഭ
# (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1405** **06.02.2020-ൽ മറുപടിയ്ക്ക്**

## തീരദേശ സ്കൂളുകളുടെ വികസനം

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) തീരദേശത്തുള്ള ഫിഷറീസ് സ്കൂളുകളുടെ വികസനത്തിനായി കിഫ്ബിയിൽ നിന്നും ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ;<br><br>ബി) എങ്കിൽ എത്ര കോടി രൂപയാണ് കിഫ്ബിയിൽ നിന്നും അനുവദിച്ചതെന്നും, അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | എ) & ബി) | സംസ്ഥാനത്തെ തീരദേശത്തെ തിരഞ്ഞെടുത്ത സ്കൂളുകളെ കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 294.72 കോടി രൂപയുടെ പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഇതിൻപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 69 സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനായി 141.27 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ 56 സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനായി 64.18 കോടി രൂപയുടെ പദ്ധതികൾക്ക് 21.01.2020-ൽ കിഫ്ബി അനുമതി ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**